# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1449

13.06.2014 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>,, എ. റ്റി. ജോർജ്<br>,, വി. ഡി. സതീശൻ<br>,, എം. എ. വാഹീദ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപവൽക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. സ.ഉ(പി)നം.2/11/പൊ.ഭ.വ തീയതി 01.01.2011 പ്രകാരമാണ് വകുപ്പ് രൂപീകൃതമായത്. |
| (ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (ബി) | ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആക്ട് സെക്ഷൻ 2(c) പ്രകാരം മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി എന്നീ മതവിഭാഗങ്ങളും പുതുതായി അംഗീകരിക്കപ്പെട്ട ജൈനർ വിഭാഗത്തിന്റെയും സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ് വകുപ്പിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കൂടാതെ സച്ചാർ/പാലൊളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതും, ന്യൂനപക്ഷ മന്ത്രാലയം കാലാകാലങ്ങളിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ സംസ്ഥാനതല ഏകോപനവും നിർവ്വഹണവും മേൽനോട്ടവും വകുപ്പിന്റെ ചുമതലയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br>1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)<br>2. യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ (സംസ്ഥാനത്തെ 14 ജില്ലകളിലായി 16 കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.)<br>3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി (തുടർ പദ്ധതി)<br>കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന വിവിധ പദ്ധതികളും നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നിന് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) | നിലവിൽ മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന ന്യൂനപക്ഷക്ഷേമ പദ്ധതികൾ / പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ കൊണ്ടു വരുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് 2014-15 വർഷം മുതൽ വകുപ്പ് നേരിട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന - ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ